**ലൈഫ്മിഷൻ**

മലപ്പുറം ജില്ലാ കാര്യാലയം, ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത്, മലപ്പുറം

ഡി.എസ്.എം.എസ് ബിൽഡിങ്ങ്, പി.ഒ ബോക്സ് നമ്പർ 9, സിവിൽ സ്റ്റേഷൻ, മലപ്പുറം

ഫോൺ- 0483 2734976, ഫാക്സ്- 2736528മലപ്പുറം-676505, email-lifemissionmpm@gmail.com

3/life/mpm/2018 തീയതി : 25/09/2020

പ്രേഷകൻ

ജില്ലാ കോഓർഡിനേറ്റർ

സ്വീകർത്താവ്

ജില്ലാ രജിസ്ട്രാർ,

രജിസ്ട്രേഷൻ വകുപ്പ്, മലപ്പുറം

സാർ,

വിഷയം : ലൈഫ് മിഷൻ മലപ്പുറം - ഭൂരഹിത ഭവന രഹിത ഗുണഭോക്താവിന് ഭൂമി വാങ്ങിയാൽ രജിസ്ട്രേഷൻ ചാർജ്ജ് ഇളവ് അനുവദിക്കുന്നത് - സബ്രജി സ്ട്രാർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന: 1) സർക്കുലർ നമ്പർ എൽ.എസ്സ്.ജി.ഡി.ഡി.ബി.1/304/2019എൽ.എസ്സ്.ജി.ഡി. തിയ്യതി 26/09/2019

2) സർക്കാർ ഉത്തരവ് നമ്പർ : 113/2020/ടാക്സ്സ് തിയ്യതി 08/09/2020

3) സർക്കാർ ഉത്തരവ് നമ്പർ : 114/2020/ടാക്സ്സ് തിയ്യതി 08/09/2020

സൂചന (1) പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് 3 സെന്റിൽ കുറയാത്ത ഭൂമി ലഭ്യമാക്കുന്നതിന് നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

സൂചന (2),(3) പ്രകാരം ഇത്തരം ഗുണഭോക്താക്കളുടെ ഭൂമി രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീ ഇളവ് ചെയ്ത് ഉത്തരവായിട്ടുണ്ട്. എന്നാൽ ചില സബ് രജിസ്ട്രാർമാർ ഭൂമിയുടെ അളവ് 3 സെന്റിൽ കുടി എന്ന കാരണത്താൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നില്ലെന്ന പരാതി ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സദചന(1) സർക്കുലറിൽ 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ധൻസഹായം അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് ( അതായത് വാങ്ങുന്ന ഭൂമിയുടെ അളവ് 3 സെന്റിൽ കൂടിയാലും ആനുകൂല്യം നൽകാം). രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ സൂചന(2),(3) ഉത്തരവുകളിൽ ലൈഫ് പദ്ധതി പ്രകാരം വാങ്ങുന്ന ഭൂമിയുടെ അളവ് 3 സെന്റ് മാത്രമായിരിക്കണം എന്ന് നിഷ്കർഷിക്കാത്ത സാഹചര്യത്തിൽ എല്ലാ ലൈഫ് ഗുണഭോക്താക്കൾക്കും രജിസദ്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് എന്ന ആനുകൂല്യം നൽകാവുന്നതാണ്. ആയതിനാൽ മേൽ സർക്കാർ ഉത്തരവുകൾ മേൽ പറഞ്ഞ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സബ് രജിസ്ട്രാർമാർക്ക് നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസ പൂർവ്വം

ജില്ലാ കോഓർഡിനേറ്റർ